ഉത്തരം

(എ) ബാർ സ്ഥാപനങ്ങൾ പൂട്ടിയതുമൂലം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല. ഇത്തരം പദ്ധതികൾ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളൽ

232 (2512) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങളാണ് എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എത്ര രൂപ വരെയുള്ള കടങ്ങളാണ് എഴുതിത്തള്ളുന്നത്; ഏത് തീയതി വരെ കുടിശ്ശികയായ വായ്പയാണ് എഴുതിത്തള്ളുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഈ സർക്കാർ വന്നതിന് ശേഷം ഓരോ ബജറ്റിലും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനായി എത്ര അപേക്ഷകളാണ് നിലവിൽ വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളുടെ 1,00,000 രൂപ വരെയുള്ള ബാദ്ധ്യത എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(അച്ചടി) 24/2015/പജപവിവ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കടം എഴുതിത്തള്ളൽ പദ്ധതിക്കായി 2011-12 വർഷം 100 ലക്ഷം രൂപ വകയിരുത്തിയതിൽ വനിതാ വികസന കോർപ്പറേഷന്റെ കടം എഴുതിത്തള്ളുന്നതിനായി 9,651 രൂപ ചെലവഴിച്ചു. 2013-14, 2014-15 വർഷങ്ങളിൽ ടി പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തിയതെന്ന വിവരം അറിയിക്കുന്നു. ഈ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. സ.ഉ.(അച്ചടി)24/2015/പ.ജ.പവിവതീയതി 30-3-2015 പ്രകാരം ഉത്തരവായ കടം എഴുതിത്തള്ളൽ പദ്ധതിക്കായി നോഡൽ ഏജൻസിയായ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ അക്കൗണ്ടിൽ 2014-15 സാമ്പത്തിക വർഷം 10 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിക്കായി ഉപധനാഭ്യർത്ഥന പ്രകാരം 2015-16 സാമ്പത്തിക വർഷം40 കോടിരൂപ ലഭ്യമായിട്ടുണ്ട്. മേൽ തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കടം എഴുതിത്തള്ളലിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സമാഹരിച്ച് ലഭ്യമാക്കുന്ന തുക സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്.

സ്വയം പര്യാപ്ത ആവാസ കേന്ദ്രങ്ങൾ

233 (2513) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അവയെ സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്തുന്നതാണെന്ന 2012-13 ലെ ബജറ്റ് പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയോ; ആകെ എത്ര കോളനികൾ ഉണ്ടെന്നും അതിൽ എത്രയെണ്ണം സ്വയംപര്യാപ്തമാക്കാൻ സാധിച്ചെന്നും അറിയിക്കാമോ;

GPM. 2/236/2020-43

LIBRARY ARCHIVES Kerala Legislative Assembly